# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6037 04/11/2016 ൽ മറുപടിക്ക്

## റീ-സർവ്വെ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ-സർവ്വെ നടപടികൾ നിർത്തിവച്ചത് എന്നായിരുന്നു; ഇത് എന്ന് പുനരാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |
| (ബി) പുനരാരംഭിക്കുന്ന വേളയിൽ കേന്ദ്രസർക്കാരിന്റെ ടോപ്സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റിമോട്ട് സെൻസിംഗ് സാറ്റലൈറ്റ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) സർവ്വേ വകുപ്പിലെ ഗണ്യമായ എണ്ണം ജീവനക്കാർ ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റിലും ജോലി ചെയ്യുന്നത് സർവ്വേ നടപടികളെ ബാധിക്കുമോ; | (സി) സർക്കാരിന്റെ മുൻഗണനാ പ്രോജക്ടുകളുടെ സർവ്വെ ജോലികൾക്ക് വേണ്ടിയാണ് വകുപ്പിലെ റീസർവ്വെ വിഭാഗം ജീവനക്കാരെ ഡെപ്യൂട്ടേഷനിലും, വർക്കിംഗ് അറേഞ്ച്മെന്റിലും നിയോഗിച്ച് സ്പെഷ്യൽ സർവ്വെ ജോലികൾ നിർവ്വഹിക്കുന്നത്. ആയതനുസരിച്ച് റീസർവ്വെ പുരോഗതിയിൽ കുറവുണ്ടാകുന്നതാണ്. |
| (ഡി) എങ്കിൽ ഇതിനു പരിഹാരമായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ; റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വിശദമാക്കുമോ? | (ഡി) റീസർവ്വെ പുനരാരംഭിക്കുമ്പോൾ ഡെപ്യൂട്ടേഷനിലും, വർക്കിംഗ് അറേഞ്ച്മെന്റിലും നിയോഗിച്ചിട്ടുള്ള റീസർവ്വെ വിഭാഗം ജീവനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതാണ്. റീസർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ